**കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ**

വിഷയം:- ആ.വ.ഡ – ആരോഗ്യ വകുപ്പിലെ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മോളി ജോസഫിന്റെ സീനിയോറിറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്-

സൂചന :-

1. ഉത്തരവ് നമ്പർ ഇ. എസ്5-2028/2019/ആ.വ.ഡ, തീയതി. 30.09.2021
2. ഉത്തരവ് നമ്പർ ഇ. എസ്5-2028/2019/ആ.വ.ഡ, തീയതി. 27.07.2021
3. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ എ4-11123/21/ആ.വ.ഡ, തീയതി. 25.09.2021 കത്ത്
4. ശ്രീമതി. മോളി ജോസഫ്, ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1, ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന സമർപ്പിച്ച അപേക്ഷ
5. 28.10.2021 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നം. ഇ.എസ്5/2028/2019/ആ.വ.ഡ/തീയതി : 16/11/2021**

ആരോഗ്യ വകുപ്പിൽ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. മോളി ജോസഫ് ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിലെ റാങ്ക് പുനഃക്രമീകരിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി. മോളി ജോസഫിന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൻ ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 പട്ടികയിൽ റാങ്ക് നം. 7 ആയി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ശ്രീമതി. മോളി ജോസഫിന്; എ. എൻ. ഷീബ, പ്രദീപ്. എസ് എന്നീ ജീവനക്കാരുടെ ഇടയ്ക്കായി 23 A എന്ന സ്ഥാനത്തിനാണ് അർഹത ഉള്ളത്. ആയതിനാൽ 30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മോളി ജോസഫിന് നൽകിയിരുന്ന റാങ്ക് നമ്പർ 7 റദ്ദ് ചെയ്ത് 23 A എന്ന സ്ഥാനം താൽക്കാലികമായി അനുവദിച്ച് നൽകാൻ തീരുമാനിച്ച് മേൽ സൂചന 5 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ടി വിഷയത്തിൽ ആക്ഷേപങ്ങളോ, പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കാൻ മതിയായ സമയം നൽകിയിരുന്നെങ്കിലും പരാതികളോ, ആക്ഷേപങ്ങളോ നാളിതുവരെ ലഭിച്ചിട്ടില്ല.

ആയതിനാൽ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മോളി ജോസഫിന് ചുവടെ പട്ടികയിൽ സൂചിപ്പിക്കുംവിധം സീനിയോറിറ്റി അനുവദിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു

30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ (ES5-2028/2019/DHS, Dt: 30.09.2021) ശ്രീമതി. മോളി ജോസഫിന്റെ സീനിയോറിറ്റി പുനഃക്രമീകരിച്ച് പുറപ്പെടുവിക്കുന്ന പട്ടിക

| Sl. No. | Name & PEN No | Date of Birth | Qualification | Existing Rank No in the seniority list Lab Tech. Gr. I as on 30.06.2019 | New Rank No in the seniority list Lab Tech. Gr. I as on 30.06.2019 | Remarks |
|---|---|---|---|---|---|---|
| 1 | A. N. Sheeba, 352469 | 18.04.1969 | SSLC, PDC, MLT | 23 | -- | |
| 2 | Molly Joseph, 270198 | 20.04.1968 | B.Sc, MLT | 7 | 23 A | Rank reassigned from 7 to 23 A |
| 3 | Pradeep. S, 315739 | 30.04.1968 | SSLC, PDC, MLT | 24 | -- | |

ഒപ്പ്/-

ഡോ. സെമീറ. എ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി
3. ശ്രീമതി. മോളി ജോസഫ്, ലാബ് ടെക്നീഷ്യൻ ഗ്രേഡ് - 1, ജില്ലാ ആശുപത്രി, തൊടുപുഴ
4. സൂപ്രണ്ട്, ഇ. എഫ് സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്